**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2079 — 07.03.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## രോഗി സൗഹൃദ പരിചരണം

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എല്ലാ ആശുപത്രികളിലും രോഗി സൗഹൃദ പരിചരണം സാധ്യമാക്കി ഒ.പി.സേവനം കൂടുതൽ ഫലപ്രദമാക്കുന്നതിന് 'ആർദ്രം' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | കേരളത്തിലെ ആരോഗ്യരംഗത്തെ എല്ലാ തലത്തിലും രോഗി സൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യസേവനങ്ങൾ ഉറപ്പാക്കുന്നതിനും സംസ്ഥാന സർക്കാർ ആർദ്രം ദൗത്യം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഒ.പി.ട്രാൻസ്ഫർമേഷൻ, ഒ.പി.വിഭാഗത്തിലെ തിരക്ക് കുറയ്ക്കുന്നതിനായി ആധുനികവത്ക്കരിച്ച രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ എന്നിവ ഇതിലൂടെ ലക്ഷ്യമിടുന്നു. അത്യാഹിത വിഭാഗം ഐ.പി.വിഭാഗം, ലബോറട്ടറി ഉൾപ്പെടെയുള്ള മറ്റ് പരിശോധന സംവിധാനങ്ങൾ, ഫാർമസി, പ്രസവമുറി, ഓപ്പറേഷൻ തീയേറ്ററുകൾ എന്നിവയിലെ സൗകര്യങ്ങൾ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് സജ്ജീകരിക്കുന്നതിന് ഇതിലൂടെ ലക്ഷ്യമിടുന്നു. |
| (ബി) | സർക്കാർ ആശുപത്രിയെ സമീപിക്കുന്ന ആളുകൾക്ക് ഈ പദ്ധതി മുഖേന എന്തെല്ലാം സഹായങ്ങൾ ലഭ്യമാകും; | (ബി) | ഈ പദ്ധതി മുഖേന ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.<br>• ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം ഉറപ്പാക്കുക.<br>• ജില്ലാ/താലൂക്ക് തല ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.<br>• പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ഘട്ടം ഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ഒരു |

| | | | |
|---|---|---|---|
| | | | കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുക, ആവശ്യമെങ്കിൽ ഉയർന്ന തലത്തിലേക്ക് രോഗികളെ റഫർ ചെയ്യുക, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവയിൽ കാര്യക്ഷമമായി ഇടപെടുക എന്നീ സേവനങ്ങൾ നൽകുക.<br>• രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാമാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക. |
| (സി) | സ്റ്റാഫ് നേഴ്സ് പട്ടികയിൽ നിന്ന് ആവശ്യത്തിന് ജീവനക്കാരെ ജോലിയിൽ പ്രവേശിപ്പിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം വൈകുന്നുണ്ടോ എന്നറിയിക്കാമോ? | (സി) | സ്റ്റാഫ് നേഴ്സിന്റെ അനുവദനീയമായ തസ്തികകളിലേയ്ക്ക് സ്റ്റാഫ് നേഴ്സിന്റെ പട്ടികയിൽ നിന്നും നിയമനം നടത്തുന്നുണ്ട്. 'ആർദ്രം' പദ്ധതിക്ക് കീഴിൽ സ്റ്റാഫ് നേഴ്സ് തസ്തിക സൃഷ്ടിക്കാനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ